7. ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി,

തരിയോട് :

മെഡിക്കൽ ഓഫീസർ - 1.

(സി) മെഡിക്കൽ ഓഫീസർ തസ്തികകളിൽ പി. എസ്.സി. മുഖേനയും സീനിയർ മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ യുനാനി ആശുപത്രികൾ

27 (6177) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ എത്ര യുനാനി ആശുപത്രികൾ നിലവിലുണ്ട് ; അത് എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മലപ്പുറം മണ്ഡലത്തിലെ ആനക്കയം പഞ്ചായത്തിൽ യുനാനി ആശുപത്രി ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ;

(സി) അതിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ഓരോ യുനാനി ആശുപത്രി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ എൻ.ആർ.എച്ച്.എം. പദ്ധതിയിൻ കീഴിൽ ആരംഭിച്ച 6 യുനാനി ഡിസ്പെൻസറികൾ നിലവിലുണ്ട്. ഇവ തിരുവാലി, മഞ്ചേരി (മുനിസിപ്പാലിറ്റി), മാറാക്കര, വളവന്നൂർ, പെരിയമുണ്ടം, വാഴക്കാട് എന്നീ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.കളിലും സർക്കാർ ആശുപത്രികളിലും ഫുൾടൈം ഡോക്ടർമാർ

28 (6180) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പി. എച്ച്. സി. കളിലും ഗവൺമെന്റ് ആശുപത്രികളിലും പി. എസ്. സി. നിയമിച്ച ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശ്രീകണ്ഠപുരത്തുള്ള കൂട്ടുമുഖം പി. എച്ച്. സി. യിൽ ഡോക്ടർമാരുടെ തസ്തിക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. ഇരിക്കൂർ, ഊരത്തൂർ, ഉളിക്കൽ, ചന്ദനക്കാംപാറ, വയപ്പട്ടം, എരുവേശ്ശി,കുടിയാൻമല, നടുവിൽ, ഉദയഗിരി, ആലക്കോട് (മണക്കടവ്), കൂട്ടുമുഖം എന്നിവിടങ്ങളിൽ പി.എസ്.സി. നിയമിച്ച ഫുൾടൈം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(ബി) പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

വെച്ചൂച്ചിറ സി.എച്ച്.സി.യിലെ തസ്തികകൾ

29 (6181) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) വെച്ചൂച്ചിറ ബ്ലോക്ക് പി. എച്ച്. സി., സി. എച്ച്. സി., ആയി ഉയർത്തിയത് എന്നാണ് ;

(ബി) സി. എച്ചി. സി. ആയശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആശുപത്രിയിൽ നടപ്പിലാക്കിയത് ;

(സി) നേരത്തെ കിടത്തി ചികിത്സ ഉണ്ടായിരുന്ന ആശുപത്രിയിൽ ഐ. പി. നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദീകരിക്കുമോ ;

(ഡി) സി. എച്ച്. സി. യിൽ എത്ര തസ്തികകളാണ് ഉണ്ടാകേണ്ടത് ;

(ഇ) വെച്ചൂച്ചിറ സി. എച്ച്. സി. യിൽ എത്ര തസ്തികകളാണ് നിലവിലുള്ളത് ;

(എഫ്) സി. എച്ച്. സി. യുടെ സ്റ്റാഫ് പാറ്റേൺ പ്രകാരം പുതുതായി നിയമിക്കാൻ ഉദ്ദേശിക്കുന്ന ഡോക്ടർമാരുടെയും ജീവനക്കാരുടെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ജി) ഐ. പി. പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6-11-2008-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് വെച്ചൂച്ചിറ ബ്ലോക്ക് പി.എച്ച്.സി.യെ സി.എച്ച്.സി.യായി ഉയർത്തിയത്.

(ബി) പദവി ഉയർത്തപ്പെട്ട സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം എൻ.ആർ.എച്ച്.എം.-ന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(സി) പകർച്ചപ്പനി കാലയളവിൽ താൽക്കാലിക സംവിധാനം എന്ന നിലയ്ക്കു മാത്രമാണ് ഇവിടെ ഐ.പി. നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly